DESPATCHED
On 10/06/2020

28/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP.2384(2)/2018/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നം. 11535 എസ്.ഐ.സി-ജി 6/18**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.എം.പി.മുഹമ്മദ്,
ഓൾഡ് പോസ്റ്റോഫീസിന് സമീപം,
മണികോത്ത് പി.ഒ, കാസർഗോഡ് – 671 316. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   സംസ്ഥാന വിവരാവകാശ കമ്മീഷൻ,
   പുന്നറോഡ്, തിരുവനന്തപുരം.
2. അപ്പീൽ അധികാരി,
   സംസ്ഥാന വിവരാവകാശ കമ്മീഷൻ,
   പുന്നറോഡ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02.08.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.08.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 18.09.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 01.10.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 11.10.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 15.10.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.01.2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:<br>അപ്പീൽ ഹർജിക്കാരൻ<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | <br>ഹാജരായില്ല.<br>ഹാജരായിരുന്നു. |

RIGHT TO INFORMATION

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം വകുപ്പ് 19(3) പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ എം മുഹമ്മദ്, 11.10.2018 ൽ സമർപ്പിച്ച അപ്പീൽ ഹർജി 15.10.2018 ൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, മണിയോർഡർ സ്വീകരിച്ച് വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച 6(1) അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 02.08.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു.

i. ഹോസ്ദുർഗ് സബ് രജിസ്ട്രാർ ഓഫീസിലെ വിവരാവകാശ അധികാരിക്കെതിരെ വിവരാവകാശ കമ്മീഷനിൽ ടിയാൻ നൽകിയ രണ്ടാം അപ്പീലിന്റെ പകർപ്പ് ലഭ്യമാക്കുക.

ii. ടി അപ്പീൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ ആധികാരിക രേഖയും രജിസ്റ്റർ നമ്പരും ലഭ്യമാക്കുക തുടങ്ങിയ വിവരങ്ങളായിരുന്നു.

4. രണ്ടാം എതിർകക്ഷി 17.04.2019 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന രേഖകൾക്ക് ഫീസായി 16 രൂപ ട്രഷറിയിൽ അടച്ച് രസീത് ഹാജരാക്കുവാൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ടിയാൻ മണിഓർഡർ ആണ് സമർപ്പിച്ചത്. The Kerala Right to Information (Regulation of Fee and Cost Rules) 2006 പ്രകാരം വിവരം നൽകുന്നതിനുള്ള ഫീസ് ശരിയായ രസീത് കൈപ്പറ്റിക്കൊണ്ട് പണമായോ "0070-60-118-99- Receipts under the Right to Information Act, 2005" എന്ന അക്കൗണ്ട് ശീർഷകത്തിൽ ട്രഷറിയിൽ തുക അടയ്ക്കുന്നത് വഴിയോ, ബന്ധപ്പെട്ട സംസ്ഥാന പൊതു വിവരാവകാശ ഓഫീസർക്ക് നൽകേണ്ട ഡിമാൻഡ് ഡ്രാഫ്റ്റോ, ബാങ്കേഴ്സ് ചെക്കോ, പേ ഓർഡറോ വഴിയോ നൽകാവുന്നതാണെന്നും മണിഓർഡർ വഴി പണം സ്വീകരിക്കുന്നതിന് മേൽചട്ടത്തിൽ

വ്യവസ്ഥയില്ലായെന്നും ആയതിനാൽ മേൽ വിവരിച്ച രീതിയിൽ ഫീസ് അടച്ച് രേഖകൾ കൈപ്പറ്റാവുന്നതാണെന്നും അപ്പീൽ ഹർജിക്കാരനെ അറിയിച്ച് അപ്പീൽ തീർപ്പാക്കിയിട്ടുണ്ടെന്നും മറ്റുമാണ്.

5. 29.01.2020 തീയതി കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരാകാൻ കഴിയില്ലായെന്ന് കാണിച്ച് കത്ത് നൽകിയിരുന്നു.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് എതിർകക്ഷികൾ സമയബന്ധിതമായി മറുപടി നൽകിയതായി കമ്മീഷൻ കാണുന്നു. ടി സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN